Talented Bankers Literary Panel

പുസ്തക പരിചയം 78

പരിചയപ്പെടുത്തുന്നത്
അമിത് കുമാർ
ഫെഡറൽ ബാങ്ക്
സോണൽ ഓഫീസ്
കോട്ടയം.

# ഇന്ത്യൻ ഭരണഘടന

സ്കൂളിൽ പഠിക്കുന്ന കാലം മുതൽ തന്നെ ഭരണഘടനയെക്കുറിച്ചു കേട്ടിട്ടുള്ളവരായിരിക്കും നമ്മളെല്ലാം. അതിലെ പല കാര്യങ്ങളെക്കുറിച്ചും അറിയുകയും സംസാരിക്കുകയുമൊക്കെ ചെയ്യുന്നവരുമായിരിക്കും. എന്നാലും ഇന്ത്യൻ ഭരണഘടന മുഴുവനായി ഒരു തവണയെങ്കിലും വായിച്ചിട്ടുള്ളവർ നന്നേ കുറവായിരിക്കും എന്നാണു തോന്നുന്നത്.

ഉത്തമ പൗരർ എന്ന നിലയ്ക്ക് നാമോരോരുത്തരും സ്വന്തം രാജ്യത്തിന്റെ ഭരണഘടന എന്താണ് എന്നറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമല്ലേ? ഭരണഘടനയെ കൂടുതൽ അറിയുന്നത് നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചു വ്യക്തത കൈവരുത്തും എന്നതു കൂടാതെ അവകാശങ്ങളെക്കുറിച്ചു നമ്മെ ബോധവാന്മാരാക്കുകയും ചെയ്യും എന്നതു വസ്തുതയാണല്ലോ. ഈയൊരു ചിന്തയിൽ നിന്നാണ് ഭരണഘടനയെ പരിചയപ്പെടുത്തുന്ന ഇന്നത്തെ കുറിപ്പിന് ഞാൻ തുനിയുന്നത്.

🍁ആദ്യമായി എന്താണു ഭരണഘടന എന്നു നോക്കാം.

ഒരു രാജ്യത്തിന്റെ ഭരണ സംവിധാനത്തെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളുമാണ് ഭരണഘടന എന്ന പേരിൽ അറിയപ്പെടുന്നത് എന്നു പറയാം. എന്നാൽ അതു മാത്രമാണോ? അല്ല. ഇതു കൂടാതെ ഭരണനിർവഹണം, നിയമനിർമാണം, നീതിന്യായ പരിപാലനം തുടങ്ങി ഭരണയന്ത്രത്തിന്റെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വ്യത്യസ്ത മേഖലകൾ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചും ഭരണഘടന പ്രതിപാദിക്കുന്നു. പൗരരുടെ മൗലികാവകാശങ്ങളും മൗലിക കർത്തവ്യങ്ങളും കൂടി ഭരണഘടന വ്യക്തമാക്കുന്നുണ്ട്.

🍁എന്താണ് ഇന്ത്യൻ ഭരണഘടനയുടെ സവിശേഷത ?

ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനയാണ് നമ്മുടേത്. 22 ഭാഗങ്ങളും 395 വകുപ്പുകളും 12 പട്ടികകളും ഉള്ള നമ്മുടെ ഭരണഘടനയ്ക്ക് മുന്നൂറോളം പേജുകളുണ്ടെന്നു പറയുമ്പോൾ വലിപ്പം ഊഹിക്കാമല്ലോ.

വലിപ്പം കൂടുതലാണ് എന്നതു പോലെ, നിയമഭാഷയുടെ വ്യംഗ്യങ്ങളും മറ്റും ധാരാളം ഉപയോഗിച്ചിട്ടുണ്ട് എന്നതും ഭരണഘടനയുടെ 'റീഡബിലിറ്റി'യെ വല്ലാതെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യയെ പോലെ സങ്കീർണമായ വർഗ, വർണ, ഭാഷാ, സാംസ്കാരിക വൈജാത്യങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യത്ത് ഏറ്റവും നീതിയുക്തമായ ഒരു ഭരണഘടന എഴുതിയുണ്ടാക്കുന്നതിന്റെ ഭാഗമായി വന്നു ചേർന്ന ഒരു സങ്കീർണത എന്ന തരത്തിൽ ഈ ഭാഷാ ക്ലിഷ്ടതയെ മനസിലാക്കാവുന്നതേയുള്ളൂ.

🍁ആരാണ് ഈ ബൃഹദ് ഭരണഘടന എഴുതിയുണ്ടാക്കിയത് ? എത്ര സമയമെടുത്തു ?

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുന്നോടിയായി ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്ന് 292 പേരും നാട്ടുരാജ്യങ്ങളുടെ പ്രതിനിധികളായി 93 പേരും ചേർന്ന 385 അംഗങ്ങളുടെ ഭരണഘടനാ നിർമാണ സഭ 1946 ൽ രൂപീകരിച്ചു. രാജേന്ദ്രപ്രസാദ് ആയിരുന്നു സഭാധ്യക്ഷൻ.

ഭരണഘടനയുടെ കരട് എഴുതിയുണ്ടാക്കിയത് ഡോ. ബി ആർ അംബേദ്കറുടെ അധ്യക്ഷതയിലുള്ള കമ്മിറ്റിയായിരുന്നു എന്നത് എല്ലാവർക്കും അറിയാമായിരിക്കുമല്ലോ. അല്ലാടി കൃഷ്ണസ്വാമി അയ്യർ, എൻ ഗോപാലസ്വാമി അയ്യങ്കാർ, കെ എം മുൻഷി, ടി ടി കൃഷ്ണമാചാരി തുടങ്ങിയവരായിരുന്നു കമ്മറ്റിയിലെ മറ്റ് അംഗങ്ങൾ.

കരട് ഭരണഘടനയ്ക്ക് 7000 ൽ പരം ഭേദഗതികൾ അവതരിപ്പിക്കാൻ നോട്ടീസ് ലഭിച്ചിരുന്നു. അവയിൽ 2473 ഭേദഗതികൾ ചർച്ച ചെയ്ത് തീരുമാനിക്കപ്പെട്ടു.

1946 ഡിസംബർ 9 ന് ആദ്യമായി സമ്മേളിച്ച സഭ, ഭരണഘടന പാസാക്കുന്നത് 11 പ്രാവശ്യം സമ്മേളിച്ച് 165 ദിവസം ചർച്ച ചെയ്ത ശേഷം രണ്ടു കൊല്ലവും 11 മാസവും കഴിഞ്ഞ് 1949 നവംബർ 26 നു ചേർന്ന യോഗത്തിൽ വച്ചാണ്. എങ്കിലും ഭരണഘടന നിലവിൽ വന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പൂർണ സ്വരാജിനു വേണ്ടി പ്രമേയം

പാസാക്കിയതിന്റെ ഇരുപതാം വാർഷികമായ 1950 ജനുവരി 26 നു മാത്രമാണ്.

🍁 എന്തൊക്കെയാണ് ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് ?

22 ഭാഗങ്ങളായിട്ട് ഭരണഘടനയെ തിരിച്ചിരിക്കുന്നു എന്നു പറഞ്ഞല്ലോ. സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും കുറിച്ചാണ് ആദ്യ ഭാഗത്ത് പറയുന്നത്. തുടർന്ന് പൗരത്വം എന്ത് എന്നും പൗരത്വത്തെപ്പറ്റിയുള്ള മറ്റു വിവരങ്ങളും രണ്ടാം ഭാഗത്തിലും പൗരന്റെ മൗലീകാവകാശങ്ങളെ പറ്റി മൂന്നാം ഭാഗത്തിലും വ്യക്തമാക്കുന്നു.

കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഭരണ സംവിധാനം, ഫെഡറൽ സമ്പ്രദായം, തെരഞ്ഞെടുപ്പ്, ജുഡീഷ്യറി, സാമ്പത്തിക ബന്ധങ്ങൾ, ഔദ്യോഗിക ഭാഷകൾ, പൊതുസർവീസുകൾ, ചില വിഭാഗങ്ങളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ തുടങ്ങിയവയൊക്കെയാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

🍁 ഇതെല്ലാം നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ടോ ?

മറ്റെന്തും അറിഞ്ഞില്ലെങ്കിലും ഇനി പറയുന്ന 3 കാര്യങ്ങൾ ഓരോ പൗരനും തീർച്ചയായും അറിഞ്ഞിരിക്കണം:
1) മൗലികാവകാശങ്ങൾ
2) മൗലിക കർത്തവ്യങ്ങൾ
3) ആമുഖം (Preamble)

നമുക്ക് ഭരണഘടനയുടെ ആമുഖം തന്നെ ആദ്യം നോക്കാം. ആമുഖം ഇപ്രകാരമാണ്:

"ഇന്ത്യയിലെ ജനങ്ങളായ നാം, ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ളിക്കായി സംവിധാനം ചെയ്യുവാനും;

അതിലെ പൗരന്മാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും;

ചിന്തയ്ക്കും ആശയപ്രകാശനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും നേടിക്കൊടുക്കുവാനും;

അവരുടെയെല്ലാപേരുടെയും ഇടയിൽ വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും ഉറപ്പു നൽകിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും

സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ 26-ാം തീയതി ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു".

നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉറപ്പു നൽകുന്ന ഒരു പുതിയ സ്വതന്ത്ര രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഒന്നിച്ചു നിൽക്കാനുള്ള ഇന്ത്യൻ ജനതയുടെ ദൃഢനിശ്ചയത്തെയാണ് ഭരണഘടനയുടെ ആമുഖം പ്രതിനിധാനം ചെയ്യുന്നത്.

മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ എന്നിവ സ്ഥലപരിമിതി മൂലം വിവരിക്കാൻ ആവുന്നില്ല എന്നിരുന്നാലും ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

ഭരണഘടന നിലവിൽ വരുന്നതുവരെ ജാതി, മതം, വർഗം, ലിംഗം, സാമ്പത്തികനില തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പൗരരെ തരം തിരിച്ചു നൽകുന്ന അവകാശങ്ങളായിരുന്നു ഉണ്ടായിരുന്നത്. വഴി നടക്കാനുള്ള അവകാശത്തിനുള്ള പോരാട്ടങ്ങളൊക്കെ ഓർമ കാണുമല്ലോ. വോട്ടവകാശം പോലും വളരെ ചുരുക്കം പേർക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ ഭരണഘടന പ്രകാരം ഓരോ പൗരനും സമത്വത്തിനുള്ള, സ്വാതന്ത്ര്യത്തിനുള്ള, ചൂഷണത്തിനെതിരായ, മതസ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളും സ്വത്തവകാശവുമൊക്കെ ഉറപ്പു നൽകപ്പെട്ടു.

അവകാശങ്ങളും കർത്തവ്യങ്ങളും പരസ്പര പൂരകങ്ങളാണല്ലോ. 51- A എന്ന അനുഛേദമായി 1976 ൽ 46 മതു ഭേദഗതിയിലൂടെയാണ് മൗലിക കർത്തവ്യങ്ങൾ ഭരണഘടനയുടെ ഭാഗമായത്. ശാസത്രാവബോധവും അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവവും വികസിപ്പിക്കുക എന്നത് ഒരു ഇന്ത്യൻ പൗരന്റെ കർത്തവ്യങ്ങളിൽ ഒന്നാണ് എന്നു സൂചിപ്പിക്കട്ടെ.

🍁 ഭരണഘടനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആർക്കെങ്കിലും സാധിക്കുമോ ?

തീർച്ചയായും സാധിക്കും. 2019 ഡിസംബർ വരെ 103 തിരുത്തലുകൾ / കൂട്ടിച്ചേർക്കലുകൾ (ഭേദഗതികൾ) ആണ് ഭരണഘടനയിൽ വരുത്തിയിട്ടുള്ളത്.

ഭരണഘടനയുടെ 368 ആം വകുപ്പിൽ ഭേദഗതിക്കുള്ള രീതികൾ വിശദീകരിച്ചിട്ടുണ്ട്. അതനുസരിച്ച് പാർലമെന്റിന്റെ ഇരുസഭകളിലും ഭേദഗതിക്കായുള്ള ബിൽ അവതരിപ്പിക്കണം ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും സഭയിൽ ഹാജരുള്ളവരുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷവും അനുകൂലിച്ചാൽ ബില്ല് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കും. രാഷ്ട്രപതി അംഗീകാരം നൽകിയാൽ ഭേദഗതി നടപ്പിലാകും.

ചില ഭേദഗതികൾ സംസ്ഥാന നിയമസഭകളിൽ പകുതിയെങ്കിലും പ്രമേയം വഴി അനുകൂലിച്ചാൽ മാത്രമേ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയക്കാനാവൂ.

🍁 അത്ര മികച്ച ഭരണഘടനയാണെങ്കിലെന്തിനാ നൂറിലധികം തവണ ഭേദഗതികൾ വരുത്തിയത് ?

ഭരണഘടനയെ കല്ലിലെഴുതിയ നിയമം എന്ന മട്ടിൽ കാണരുത്. അതൊരു ക്രിയാത്മകമായ പ്രമാണമാണ്. രാഷ്ട്രത്തിന്റെ വളർച്ചയ്ക്കൊത്തും മാറിക്കൊണ്ടിരിക്കുന്ന ജനതയുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കുമൊത്തും ഭരണഘടനയും മാറേണ്ടതില്ലേ?

🍁 പ്രധാന ചില ഭേദഗതികൾ പറയാമോ ?

1971ലെ 26 ആം ഭേദഗതി പ്രകാരം ഇന്ത്യയിലെ മുൻ നാട്ടുവാഴികൾക്കു നൽകിയിരുന്ന അംഗീകാരം എടുത്തുകളയുകയും പ്രിവിപഴ്സ് നിർത്തലാക്കുകയും ചെയ്തു.

1976ലെ 42 ആം ഭേദഗതി പ്രകാരം ആമുഖത്തിൽ സോഷ്യലിസം, മതേതരത്വം എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടി ഉൾപ്പെടുത്തി. കൂടാതെ, മൗലിക കർത്തവ്യങ്ങൾ ഉൾപ്പെടുന്ന ഒരു പുതിയ വിഭാഗവും ചേർക്കപ്പെട്ടു.

🍁 മുന്നൂറിലധികം പേജുകളുള്ള, വ്യവഹാര ഭാഷയിൽ രചിക്കപ്പെട്ട ഇന്ത്യൻ ഭരണഘടനയുടെ ലളിത വ്യാഖ്യാനങ്ങൾ ഏതെങ്കിലും ലഭ്യമുണ്ടോ ?

ഉണ്ടല്ലോ. വിദ്യാഭ്യാസവിചക്ഷണനും ഭരണഘടനാ വിദഗ്ദ്ധനും

കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറുമായ ഡോ.എം വി പൈലി രചിച്ച ഇന്ത്യൻ ഭരണഘടന എന്ന ഗ്രന്ഥത്തിൽ ഭരണഘടനയെക്കുറിച്ച് നാമറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

Indian Constitution എന്ന പേരിൽ 1962 ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് ഇന്ത്യൻ ഭരണഘടന. 1975 ലാണ് പരിഭാഷ പ്രകാശിതമാവുന്നത്. തുടർന്ന്, കഴിഞ്ഞ നാൽപതിലധികം വർഷങ്ങൾ കൊണ്ട് 16 പതിപ്പുകൾ പുറത്തിറങ്ങുകയും മലയാള വൈജ്ഞാനിക ഗ്രന്ഥലോകത്തെ 'ബെസ്റ്റ് സെല്ലർ' ആയി മാറുകയും ചെയ്തു.

2017 വരെയുള്ള ഭേദഗതികൾ ചേർത്ത് പുറത്തിറക്കിയ പതിനാറാം പതിപ്പ് ഇപ്പോൾ വിപണിയിൽ ലഭ്യമാണ്.

572 പേജുള്ള ഇന്ത്യൻ ഭരണഘടനയ്ക്ക് വില 325 രൂപ മാത്രമേ ഉള്ളൂ.

പ്രസാധകർ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഓൺലൈനായി വാങ്ങാൻ സന്ദർശിക്കുക:

http://nastiknation.org/product/indian-bharanaghatana/